# *ഒരു വർഷമേ ജീവിക്കുവാൻ എനിക്കുണ്ടായിരുന്നുള്ളൂ എങ്കിൽ*

*വർഷാരംഭദിനത്തിൽ അനേകം കച്ചവടക്കാർ വസ്തുവിവര പട്ടികയുണ്ടാക്കും. വ്യക്തിപരമായ വിവരപ്പട്ടിക തയ്യാറാക്കുവാനുള്ള നല്ല സമയമാണത്. ഈ പാഠം ഓരോ കേൾവിക്കാരനും തന്റെ ജീവിതത്തെ ഒന്നടുക്കുവാൻ വേണ്ടി രൂപപ്പെടുത്തിയതാണ്.*

ഒരു വർഷം കൂടെ കടന്നുപോയി. നമ്മുടെ മണിക്കൂർ കണ്ണാടിയിലൂടെ പന്ത്രണ്ടു മാസങ്ങൾ കടന്നു പോയി, അതൊരിക്കലും തിരിച്ചു വരികയില്ല. കലണ്ടറിലെ 2001[1] ന്റെ പേജുകൾ, മറിക്കുവാൻ ശ്രമിച്ചാൽ, വലിയ പ്രയോജനം കിട്ടുകയില്ല, ക്ലോക്കിന്റെ സൂചികൾ നാം പുറകോട്ടു മാറ്റിയാൽ എന്തെങ്കിലും നേടാൻ കഴിയുകയില്ല. 2001 എന്ന വർഷം എന്നേക്കുമായി പോയി, അതിനു മാറ്റം വരുത്താവുന്നതല്ല.

എങ്ങനെയായാലും, ദൈവം നമുക്കു *പുതിയ* ഒരു വർഷം നല്കിയിരിക്കുന്നു - തന്റെ സമയമെന്ന നിക്ഷേപഭണ്ഡാരത്തിൽ നിന്നു ശുദ്ധവും പുതിയതുമായി സൃഷ്ടിച്ചുതന്നിരിക്കുന്നു. അതിൽ 365 ദിവസങ്ങളും; 8,760 മണിക്കൂറുകളും; 525,600 സുവർണ്ണ മിനിറ്റുകളും അടങ്ങിയിരിക്കുന്നു. ചോദ്യം ഇതാണ്, നാം അതിനെ എന്തു ചെയ്യും? ഒരർത്ഥത്തിൽ, എ.ഡി. 2008 കർത്താവിനുള്ളതാണ്. "എ.ഡി.," *അന്നോ ഡൊമിനി,* അർത്ഥം "നമ്മുടെ കർത്താവിന്റെ വർഷത്തിൽ" എന്നാണ്. മറ്റൊരർത്ഥത്തിൽ, വർഷം നമുക്കുള്ളതാണ് - ഒന്നുകിൽ ഉപയോഗിക്കുവാൻ അല്ലെങ്കിൽ പാഴാക്കുവാൻ.

പുതിയ വർഷത്തിന്റെ വില മനസ്സിലാക്കുവാൻ, നാം ഈ വിഷയം പരിഗണിക്കേണ്ടതുണ്ട്: "എനിക്കു ജീവിക്കുവാൻ ഒരു വർഷമേ ഉള്ളൂ എങ്കിൽ." ഒരു ഡോക്ടർ നിങ്ങളോട് പറയുകയാണെന്നിരിക്കട്ടെ, "നിങ്ങളുടെ കാര്യങ്ങളൊക്കെ ക്രമപ്പെടുത്തിക്കോ; നിങ്ങൾക്ക് ഇനി ജീവിക്കുവാൻ ഒരു വർഷമേ ഉള്ളൂ"? നിങ്ങൾക്കറിയാം, അത് സംഭവിക്കും. "നാളത്തെ ദിവസത്തെ ചൊല്ലി പ്രശംസിക്കരുത്, ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്നു അറിയുന്നില്ലല്ലോ" (സദൃശവാക്യങ്ങൾ 27:1). "... നാളത്തേക്കു നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത് അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലൊ" (യാക്കോബ് 4:14). നമുക്കു ചുരുങ്ങിയ സമയമേ ജീവിക്കുവാനുള്ളൂ എന്ന അറിവു നമ്മുടെ ജീവിതത്തിൽ മാറ്റം വരുത്തുകയില്ലേ?

വിഡ്ഢിത്തത്തോടെയാണ് ചില ആളുകൾ മരണത്തെ നേരിടുന്നത്. ഉദാഹരണമായി, അറിയപ്പെടുന്ന ഒരു കുലപാതകിയെ മരണശിക്ഷക്കു വിധിക്കപ്പെട്ടപ്പോൾ, അവൻ അവസാനം വരെയും "ധിക്കാരത്തോടും സംസാരിക്കാതെയും'' കാണപ്പെട്ടു എന്ന് പത്രങ്ങൾ പറഞ്ഞു. മരണത്തെ ആളുകൾ വിഡ്ഡിത്തത്തോടെ കാണുന്നതിനു സാധ്യതയുള്ള ചിത്രീകരണമാണ് കാലിഫോർണിയയിലെ വിൻചെസ്റ്റർ ഹൗസ്. അതു പണിയുവാൻ ദശലക്ഷക്കണക്കിനു ഡോളർ ചെലവിടുകയും മുപ്പത്തി - ആറു വർഷവും വേണ്ടിവന്നു. അതിൽ നൂറുകണക്കിനു മുറികളുണ്ട്, പലതും പണിതിരിക്കുന്നത് ഇറക്കുമതി ചെയ്ത അപൂർവ്വ മരം കൊണ്ടാണ്. ഈ ഉൽക്കണ്ഠ വരുവാൻ കാരണം മിസിസ്. സാറ വിൻചെസ്റ്ററോടു ഒരു "ഭാവി - പറയുന്ന ആൾ" അതു പണിതുകൊണ്ടിരിക്കുന്നേടത്തോളം അവൾ മരിക്കുകയില്ല എന്നു പറഞ്ഞിരുന്നു.

മരണത്തിന്റെ യാഥാർത്ഥ്യത നേരിടേണ്ടതുകൊണ്ടു നമ്മിൽ അധികം പേരും നമ്മുടെ ജീവിതത്തെ തീർച്ചയായും ഗൗരവമായി എടുക്കും - വരുത്തേണ്ട മാറ്റവും വരുത്തും. ഹിസ്കിയാവു രാജാവു മരിക്കത്തക്ക രോഗിയായപ്പോൾ, യെശയ്യാ പ്രവാചകൻ അവനോടു പറഞ്ഞു, ''യഹോവ അരുളിച്ചെയ്യുന്നു, 'നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചു പോകും ശേഷിക്കയില്ല' " (2 രാജാക്കന്മാർ 20:1). ഇതു എല്ലാവർക്കും ഉള്ള നല്ല ഉപദേശമാണ്.

*എന്നോട്*, "നിങ്ങൾക്കു ജീവിക്കുവാൻ ഒരു വർഷം കൂടെ ഉള്ളൂ" എന്നു പറഞ്ഞാലോ? ആ ചോദ്യത്തെ പരിഗണിച്ചു ചിന്തിച്ചശേഷം, ഞാൻ എത്തിയ ചില പര്യവസാന ചിന്തകൾ ഇതാ.

## അതു എനിക്കു ഒരു പുതിയ മൂല്യ ബോധം തരും

ഇപ്പോൾ പ്രധാനപ്പെട്ടതെന്നു തോന്നുന്ന പലതും അപ്രധാനമായി മറയുവാൻ പോകുന്നു. ദൈവശ്വാസിയ എഴുത്തുകാരുടെ വാക്കുകൾക്കു അർത്ഥം കൂട്ടേണ്ടിയിരിക്കുന്നു: "ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" (1 യോഹന്നാൻ 2:16, 17). എന്നെ സംബന്ധിച്ച്, ചുരുങ്ങിയ ഒരു വർഷത്തിനുശേഷം ലോകം നീങ്ങിപോകും. അങ്ങനെ, കഴിഞ്ഞകാല ജീവിതത്തിൽ എന്നെ ആകർഷിച്ച ലൗകികമായവയൊന്നും ഇനി എന്നെ ആകർഷിക്കുകയില്ല. എന്റെ പ്രാഥമികമായ ലക്ഷ്യം ഇനി ''എന്നേക്കും ജീവിക്കുന്നതിനെ'' കുറിച്ചായിരിക്കും.

ഈ ശ്രദ്ധ എന്റെ നിലപാടിനെ തീർച്ചയായും മാറ്റും:

(1) *അപ്രധാനമായ കാര്യങ്ങൾക്കു ഞാൻ ഇനി പ്രാധാന്യം കൊടുക്കുകയില്ല.* എന്നെ അലോസരപ്പെടുത്തുന്ന നിസ്സാരമായ കാര്യങ്ങളെ ഞാൻ നിസാരമായി കാണും. ഞാൻ കൂടുതൽ

ക്ഷമാലുവും, മനസ്സിലാക്കുന്നവനും, ദയയും, സ്നേഹമുള്ളവനും ആകും. മുൻപു ചെയ്യാതിരുന്നതും പറയാതിരുന്നതുമായ സ്നേഹ വാക്കുകൾ ഞാൻ പ്രകടിപ്പിക്കും. ഒരു വിപത്തിൽ കുറഞ്ഞ മറ്റൊന്നും എന്നെ അതിൽ നിന്നു മാറ്റുകയില്ല.

(2) *ഞാൻ ജീവിതത്തെ കൂടുതൽ ആസ്വദിക്കും.* നാം ജീവിതം ആസ്വദിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പൗലൊസ് പറഞ്ഞു, "ഒടുവിൽ, എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ" (ഫിലിപ്പിയർ 3:1). അവൻ പിന്നെയും എഴുതി, "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു!" (ഫിലിപ്പിയർ 4:4).

നമ്മിൽ വളരെ പേർക്ക് തെറ്റായ യജമാനനാണുള്ളത്. മനുഷ്യനെ സേവിക്കുവാൻ ഉദ്ദേശിച്ചു നിർമ്മിച്ചതാണ് ലോകവും ലോകത്തിലുള്ളതെല്ലാം - പക്ഷെ മനുഷ്യൻ ലോകത്തിനും ലോകത്തിലുള്ളവയ്ക്കും അടിമകളായി തീർന്നു. ഒരു ജീവിതം ഉണ്ടാക്കുവാനോ, ജീവിതം ആസ്വദിക്കുവാനോ സമയം ഇല്ലാത്ത വിധം, നാം ജീവിക്കുവാനുള്ള തിരക്കിലാണ്. ഇനിയും ധാരാളം വർഷങ്ങൾ ഉണ്ടെന്നുള്ള നിഗമനത്താൽ, ജീവിതം ആസ്വദിക്കുവാൻ ഞാൻ സമയം *കണ്ടെത്തുന്നില്ല,* എന്നാൽ ഒരു വർഷം മാത്രം ഉള്ളതിനാൽ, ഞാൻ സമയം *ഉണ്ടാക്കും.*

ഈ പുതിയ നിലപാട് ലോകത്തെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ച്ചപ്പാടു മാത്രമല്ല എനിക്കു നല്കുന്നത്, അതു *എന്നെത്തന്നെ* പുതുതായി വിലയിരുത്തുവാനും ഇടയാക്കുന്നു. ജീവിതം നമ്മെ കൂടാതെ ചലിക്കുകയില്ല എന്നു, നമ്മുടെ ഉള്ളിന്റെ ഉള്ളിൽ തോന്നുന്നതുകൊണ്ട്, നമ്മിൽ ചിലർ ഒന്നും കുറക്കുന്നില്ല. ഇപ്പോൾ, ഒരു വർഷം കഴിഞ്ഞാൽ, ജീവിതം എന്നെ കൂടാതെയും *പോകും* എന്നെനിക്കറിയാം. പിന്നെ, അപ്രധാനമായ കാര്യങ്ങളിൽ ബന്ധപ്പെട്ടു ഞാൻ ക്ഷീണിതനാകുന്നത് എന്തിനു? ഞാൻ ചിന്തിക്കുന്നതു, എനിക്കു ഒരു വർഷമേ ജീവിക്കുവാനുള്ളൂ എങ്കിൽ, ഞാൻ ജീവിതം കൂടുതൽ ആസ്വദിക്കുവാൻ ശ്രമിക്കും.

(3) *എന്റെ സമയം ഞാൻ കൂടുതൽ ബുദ്ധിയോടെ ഉപയോഗിക്കും.* എത്ര ഉപയോഗിച്ചാലും തീർന്നുപോകാത്ത ശേഖരം ഉണ്ടെന്ന നിലപാടിലാണ് നമ്മിൽ അധികം പേരും സമയം ഉപയോഗിക്കുന്നത്. സമയം എത്ര വിലയുള്ളതാണെന്നതിന് നാം അതിനെ അനുമോദിക്കയില്ല. അമേരിക്കൻ രാജ്യതന്ത്രജ്ഞനായിരുന്ന ബെൻ ഫ്രാങ്ക്ലിൻ പറഞ്ഞു, "നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുണ്ടോ? എങ്കിൽ സമയം പാഴാക്കരുത്; കാരണം അതുകൊണ്ടാണ് ജീവിതം ഉണ്ടാക്കിയിരിക്കുന്നത്."[2] പൗലൊസ് പറഞ്ഞു, "ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ, ഇതു ദുഷ്ക്കാലം ആകയാൽ, സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ"[3] (എഫെസ്യർ 5:15, 16).

നമ്മിൽ അനേകം പേർ പദ്ധതികൾ തയ്യാറാക്കി പൂർത്തിയാക്കുവാൻ ആഗ്രഹിക്കും, എന്നാൽ അതിനു നമുക്കു സമയം കിട്ടാറില്ല.

സത്യം അറിഞ്ഞിരുന്നെങ്കിൽ, അതു പൂർത്തിയാക്കുവാൻ പാഴാക്കിയ സമയം മതിയായിരുന്നു. ഒരു പുസ്തകം എഴുതി തുടങ്ങിയിട്ടു വർഷങ്ങളായി എന്നാൽ പൂർത്തിയാക്കുവാൻ "സമയം കിട്ടിയില്ല." അടുത്ത സമയത്തു, ഒരു മനുഷ്യൻ തന്റെ സാധാരണ ജോലികൾക്കു മുടക്കം വരുത്താതെ ഇരുപതിലധികം പുസ്തകങ്ങൾ എഴുതിയതായി ഞാൻ വായിച്ചു – സാധാരണ എഴുന്നേല്ക്കുന്നതിൽ നിന്നു ഒരു മണിക്കൂർ നേരത്തെ എഴുന്നേറ്റു ആ സമയം എഴുതുവാൻ ഉപയോഗിച്ചു. നാം പാഴാക്കി കളഞ്ഞ സമയം ശരിയായി ഉപയോഗിച്ചിരുന്നുവെങ്കിൽ എന്തെല്ലാം മഹത്തായ നേട്ടങ്ങൾ കൈവരിക്കാമായിരുന്നു! ഒരു വർഷം മാത്രമെ ഉള്ളുവെങ്കിൽ, ഓരോ മിനിറ്റും പൂർണ്ണമായി ഉപയോഗിക്കുവാൻ വിലയേറിയ ദാനമാണ്.

രണ്ടോ മൂന്നോ മിനിറ്റുകൾ – രണ്ടോ മൂന്നോ മണിക്കൂറുകൾ;
നമ്മുടെ ജീവിതത്തിൽ അതിനെന്താണ് അർത്ഥം?
അധികമില്ല, നാം സമയം കണക്കാക്കിയാൽ,
മിനിറ്റുകൾ സ്വർണ്ണവും മണിക്കൂറുകൾ ഉൽകൃഷ്ടവുമാണ്.
അതു നാം ആരെയെങ്കിലും സന്തോഷിപ്പിക്കുവാൻ,
ആരെയെങ്കിലും പുഞ്ചിരിപ്പിക്കുവാൻ
    ഉപയോഗിച്ചാൽ;
ഒരു നിമിഷം ഒരു കുട്ടിയുടെ കണ്ണീർ ഉണക്കിയേക്കാം,
ഒരു മണിക്കൂർ വർഷങ്ങളോളം ഉണ്ടായിരുന്ന കുഴപ്പങ്ങൾ തുടച്ചു
    മായ്ച്ചേക്കാം.
സമയത്തിലെ നിമിഷങ്ങൾ നിന്നു പോയേക്കാം
എവിടെയോ നിരാശയുണ്ടാകുമ്പോൾ, എനിക്കു ഒരു സ്നേഹിതനെ
തരണേ.[4]

(4) ഏറ്റവും പ്രധാനമായി, പുതിയ മൂല്യങ്ങൾ വെച്ചിരിക്കുന്നവ *ആത്മിയ കാര്യങ്ങളെ പ്രഥമ സ്ഥാനത്തുവെക്കുവാൻ* എന്നെ സഹായിക്കുന്നു. ഈ രീതിയിലുള്ള മുൻഗണനയാണ് ദൈവം എല്ലായ്പ്പോഴും നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത് (മത്തായി 6:33), എന്നാൽ മിക്ക ആളുകളും ദൈവത്തിന്റെ പദ്ധതികളിൽ നിന്നും ഉദ്ദേശങ്ങളിൽ നിന്നും അകന്നു പോയിരിക്കുന്നു. ലൗകികമായവ എല്ലാം താല്ക്കാലികമാകയാൽ, എന്റെ ജീവിതം ആത്മീയതയിൽ ശ്രദ്ധ ചെലുത്തണം. താഴെ കൊടുത്തിരിക്കുന്നതുപോലെയുള്ള വേദഭാഗങ്ങൾ എന്റെ ജീവിതത്തിനു പുതിയ അർത്ഥം നല്കുന്നു: "ഒരു മനുഷ്യൻ സർവ്വ ലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" (മത്തായി 16:26).

എനിക്കു ഒരു വർഷം മാത്രമെ ജീവിക്കുവാൻ ഉള്ളൂ എങ്കിൽ എന്റെ നിലപാടു തീർച്ചയായും മാറും.

## കഴിഞ്ഞകാലം നേരെയാക്കുവാൻ എല്ലാ ശ്രമവും ഞാൻ നടത്തും

മരണത്തെ നേരിടുവാനിരിക്കുന്നതുകൊണ്ടു ഞാൻ ചില ആത്മാവിനെ - അന്വേഷിക്കുന്ന സ്വയ - പരിശോധനയിൽ ഏർപ്പെടും. ദൈവസന്നിധിയിൽ എത്തുമ്പോൾ ദൈവം എന്നോടു, ''നീ നഷ്ടമാക്കിയതു ചിലതു ഇതാ" എന്നു എന്നോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആദാമിനോടു ദൈവം ചോദിക്കുന്നതു നോക്കുക: "നീ എവിടെ ആകുന്നു?" (ഉല്പത്തി 3:9). മൂന്നു പ്രസ്താവനകൾ നല്കി, ഈ വിഷയത്തെ കുറിച്ചു ഒരു പ്രാസംഗികൻ പ്രസംഗിക്കയുണ്ടായി: (1) "എല്ലാവരും എവിടെയെങ്കിലും ആണ്," (2) "ധാരാളം ആളുകൾ അവർ ആയിരിക്കരുതാത്ത സ്ഥാനത്ത് ആണ്,'' (3) ''ആകരുതാത്ത സ്ഥാനത്തു അവർ ആയിരിക്കുന്നത് അവിടെ പോകുവാൻ ആഗ്രഹമില്ലാതിരുന്നവരാണ്!" ആത്മിയമായി ഞാൻ എവിടെ *ആയിരി ക്കണം* എന്നതു എനിക്കു വളരെ പ്രാധാന്യമുള്ള കാര്യമാണ്.

ജീവിക്കുവാൻ ഒരു വർഷം മാത്രം ഉള്ളപ്പോൾ, എനിക്കു ശത്രുക്കൾ ഉണ്ടാകുവാൻ കഴിയുന്നതല്ല. *എന്റെ സഹമനുഷ്യനുമായി* ഉണ്ടായ പഴയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഞാൻ ശ്രമിക്കും. ക്രിസ്തു പറഞ്ഞു, "... ആദ്യം നിന്റെ സഹോദരനോടു നിരന്നു കൊൾക ..." (മത്തായി 5:24). "ക്ഷമിക്കണം. നിങ്ങൾ എന്നോടു ക്ഷമിക്കയില്ലേ?" എന്നു ചോദിക്കുവാൻ, ഇനി അഹങ്കാരവും സ്വാർത്ഥതയും എന്നിൽ ഉണ്ടാകയില്ല. കർത്താവിന്റെ ക്ഷമാപണത്തിനു നോക്കിയിരിക്കുന്നതുകൊണ്ട്, അതിൽ കൂടുതലായി, ഞാൻ മറ്റുള്ളവരോടു വൈരാഗ്യം വെച്ചു പുലർത്തുകയില്ല (മത്തായി 6:14, 15).

പിന്നെ, ഞാൻ എന്റെ കഴിഞ്ഞകാല ജീവിതം *ദൈവവുമായി* നിരപ്പിക്കും. നമുക്കു സത്യത്തെ നേരിടാം: നമുക്കറിയാവുന്നതും നാം ആയിരിക്കേണ്ടുന്നതുമായവയിൽ നാം എത്തിച്ചേർന്നില്ല എന്നു നമുക്കറിയാം. മാസത്തിലൊരിക്കൽ പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഇടവകയെ കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. എന്തുകൊണ്ട് എല്ലായ്പ്പോഴും അതുണ്ടാകുന്നില്ല എന്നു ചോദിച്ചപ്പോൾ, ഒരു അംഗം മറുപടി പറഞ്ഞു, "അതു വലിയ പ്രയോജനം ഒന്നും ചെയ്യുകയില്ല; ഞങ്ങൾ അറിയേണ്ടതിലും കൂടുതൽ അറിഞ്ഞുകഴിഞ്ഞു." പ്രസംഗത്തെക്കുറിച്ചു അവർക്കു തെറ്റായ ആശയമായിരുന്നു ഉണ്ടായിരുന്നത് - അതു ഉത്തേജിപ്പിക്കുന്നതായിരിക്കണം - എന്നാൽ അവരുടെ ആ പ്രസ്താവന നമ്മിൽ എല്ലാവരിലും ഉള്ളതാണ്. നമുക്ക് അറിയേണ്ടതിൽ കൂടുതൽ അറിയാം എന്ന മനോഭാവമാണ്. ബൈബിൾ അതിനെ വിളിക്കുന്നതു "പാപം" എന്നാണ്: "നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവനു അതു പാപം അത്രെ" (യാക്കോബ് 4:17).

വ്യക്തിപരമായ നിലപാട് എടുക്കുമ്പോൾ, എനിക്കു എവിടെ "തെറ്റുപറ്റി" എന്നു കാണുവാൻ കഴിയും[5] അങ്ങനെ, പാപം എനിക്കും മറ്റുള്ളവർക്കും അതു ചെറുതായിട്ടോ വലുതായിട്ടോ തോന്നിയാലും, എനിക്കു തിരുത്തുവാൻ കഴിയും. ഒരു ചെറിയ വടു ശരീരത്തിൽ

കണ്ടാൽ അതു സാംക്രമികരോഗലക്ഷണത്തിന്റെ സൂചന ആയേക്കാം. ചെറിയ ചിതൽ വീടിനെ മുഴുവൻ നശിപ്പിക്കും. ഒരു മനുഷ്യന്റെ ജീവിതത്തിലെ "അല്പ ഭോഷത്വം" ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നതുപോലെയാണ് (സഭാപ്രസംഗി 10:1): അതു അവൻ എത്ര നന്നായി ചെയ്താലും അതെല്ലാം നിഷ്പ്രഭമാക്കും. എന്റെ ജോലി ഞാൻ എവിടെ പരാജയപ്പെട്ടു എന്നു കണ്ടെത്തുകയാണ് - എന്റെ ജീവിതത്തെ തിരുവെഴുത്തുമായി താരതമ്യം ചെയ്ത് - ''വലുതോ'' ''ചെറുതോ'' ആയ എല്ലാ പാപങ്ങളെയും വെളിപ്പെടുത്തുക എന്നതാകട്ടെ.

എന്റെ ജീവിതത്തിലെ പാപം കണ്ടെത്തുകയും - തിരിച്ചറിയുകയും - ചെയ്തു കഴിഞ്ഞ്, പിന്നെ എന്തു ചെയ്യണമെന്ന് എനിക്കറിയാം. ഒരു അ - ക്രൈസ്തവൻ തന്റെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടണം, തന്റെ ആശ്രയം യാഗം അർപ്പിച്ച യേശുവിൽ ആകണം, അവന്റെ മരണത്തോടു ഏകീഭവിക്കുവാൻ സ്നാനം ഏല്ക്കുകയും[6] വേണം (പ്രവൃത്തികൾ 2:36–38; റോമർ 6:3–6). എങ്ങനെയായാലും, ഞാൻ ദൈവപൈതൽ ആയതുകൊണ്ടു, എനിക്കു വേറൊരു പാപക്ഷമാപണ നിയമമാണ് ഉള്ളത്: എന്റെ പാപം എനിക്കും ദൈവത്തിനും മാത്രം അറിയാവുന്നതാണെങ്കിൽ, എനിക്കതു ദൈവവുമായി കൈകാര്യം ചെയ്യാം. തെറ്റിലകപ്പെട്ട ഒരു ക്രിസ്ത്യാനിയോടു പത്രൊസ് പറഞ്ഞു, "നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു, കർത്താവിനോടു പ്രാർ ത്ഥിക്ക, പക്ഷെ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായി രിക്കും" (പ്രവൃത്തികൾ 8:22). എന്റെ പാപത്തെക്കുറിച്ചു മറ്റുള്ളവർ അറിഞ്ഞാൽ, ഞാൻ എന്റെ സ്വാധീനം ഉപയോഗിച്ചു പാപക്ഷമാ പണത്തിനു അവരോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടും. യാക്കൊബ് പറഞ്ഞു, "എന്നാൽ, നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു ഒരുവന്നുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ ..." (യാക്കൊബ് 5:16).

എനിക്ക് അറിയാമായിരുന്ന പാപങ്ങളെ ഞാൻ കൈകാര്യം ചെയ്തശേഷം, എനിക്കറിയാത്ത പാപക്ഷമാപണത്തിനുവേണ്ടി ദാവീദ് ചെയ്തതുപോലെ മുട്ടുകുത്തി പ്രാർത്ഥിക്കണം: "തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ" (സങ്കീർത്തനങ്ങൾ 19:12). മറഞ്ഞിരിക്കുന്ന പാപങ്ങൾ എനിക്കു വെളിപ്പെടുത്തി തന്നു അതു തിരുത്തുവാൻ എന്നെ സഹായിക്കേണമേ എന്നതാണ് എന്റെ പ്രാർത്ഥന.

എനിക്ക് ജീവിക്കാൻ ഒരു വർഷം മാത്രമേ ഉള്ളൂവെങ്കിൽ, എന്റെ കഴിഞ്ഞകാലത്തെ നേരെയാക്കുവാൻ ഞാൻ എല്ലാ ശ്രമവും നടത്തും.

### ഭാവിക്കുവേണ്ടി നല്കുവാൻ എനിക്കു ആവുന്നത്ര നന്നായി ഞാൻ ചെയ്യും

അടുത്തത്, ഞാൻ എന്നോടുതന്നെ ചോദിക്കും, "ഞാൻ ഈ ജീവിതത്തിൽ നിന്നു വിട്ടു പോകുന്നതിനുമുൻപു എന്തെല്ലാം ഉത്തര

വാദിത്വങ്ങളാണ് നല്കേണ്ടത്?" എന്റെ ആദ്യത്തെ ചിന്ത എന്റെ കുടുംബത്തിനുവേണ്ടിയാണ്; എനിക്കു പറ്റുന്ന വിധത്തിൽ അവരുടെ ക്ഷേമം ഉറപ്പു വരുത്തും. "... തനിക്കുള്ളവർക്കും പ്രത്യേകം സ്വന്ത കുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു" (1 തിമൊഥെയൊസ് 5:8). എങ്ങനെയായാലും, അവരുടെ ആത്മിയ ക്ഷേമമാണ് എന്റെ പ്രഥമ പരിഗണന. ബുദ്ധിമാനായ മനുഷ്യൻ പറഞ്ഞു, "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃശവാക്യങ്ങൾ 22:6). കഴിഞ്ഞകാലത്തിൽ എന്തെങ്കിലും അഭ്യസിപ്പിക്കാതിരുന്നിട്ടുണ്ടെങ്കിൽ എന്റെ ഹൃദയത്തിൽ ദുഃഖം ഉണ്ടാക്കും - വരുന്ന വർഷം ഞാൻ ആ തെറ്റുതിരുത്തും.

രക്ഷകർത്താക്കൾക്കു മോശെ കൊടുത്ത നിർദ്ദേശങ്ങൾ വെച്ചു, ഞാൻ താല്പര്യത്തോടെ കർത്താവിന്റെ വഴികൾ എന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കയും ഞാൻ വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കുമ്പോഴും, കിടക്കുമ്പോഴും, എഴുന്നേല്ക്കുമ്പോഴും അവയെ കുറിച്ചു സംസാരിക്കയും വേണം. (ആവർത്തനപുസ്തകം 6:7). അവശേഷിക്കുന്നതു ചുരുങ്ങിയ സമയം ആയതുകൊണ്ടു, അവരുടെ ഭാവി ക്രിസ്തുവിൽ വിശ്വസ്തമായി ഭദ്രമാക്കുകയെന്നതാണ് എന്റെ ലക്ഷ്യം. ഞാൻ എന്റെ മക്കളുമായൊത്തു ദൈവവചനം പഠിക്കുകയും ദൈവത്തെ ആരാധിക്കുകയും അവർ സഭയുടെ ബൈബിൾ ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ടോ എന്നും ശ്രദ്ധിക്കും;[7] "[അവർ] നടക്കേണ്ട വഴിയിൽ പോകേണ്ടതിന്നു" എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്യും.

കഴിയുമെങ്കിൽ, അവരുടെ ഭാവിക്കുവേണ്ട ക്രിസ്തീയ വിദ്യാഭ്യാസ പരിശീലനവും നല്കും.[8] ഒരു ക്രിസ്തീയ സ്കൂളിൽ ക്രിസ്തീയ അദ്ധ്യാപകരും, ക്രിസ്തീയ കൂട്ടുകെട്ടും, ക്രിസ്തീയ അന്തരീക്ഷവും അവരുടെ ക്രിസ്തീയ പരിശീലനം തുടരുന്നതിനു ഏറ്റവും ഉചിതമായ സ്ഥാനമായിരിക്കും.

പിന്നെ, എന്റെ ഉത്തരവാദിത്വങ്ങളെ കുറിച്ചു ചിന്തിക്കുമ്പോൾ, പൊതുവിൽ കർത്താവിന്റെ വേലയാണ് ഞാൻ പരിഗണിക്കുന്നത്. പൗലൊസിന്റെ വാക്കുകൾ എനിക്കു പ്രായോഗികമാക്കുവാൻ കഴിയും:

> ... എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ, എന്റെ വേലെക്കു ഫലം വരുമെങ്കിൽ; ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരു - ങ്ങുന്നു, വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്, അതു അത്യുത്തമമല്ലോ; എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം (ഫിലിപ്പിയർ 1:22-24).

കഴിഞ്ഞകാലത്തെ നിരപ്പിൽ - ആക്കിയിട്ടു, വിട്ടു പിരിയുന്നതു എനിക്കു പ്രയോജനമാണ് - എന്നാൽ അത് കർത്താവിനു വേണ്ടിയുള്ള എന്റെ വേലകൾ അവസാനിപ്പിക്കുകയാണ്. അതു ക്രിസ്തു

വിന്റെ നാമം നിമിത്തം നന്നല്ല. എന്റെ ഇഷ്ടത്തിൽ കർത്താവിന്റെ വേല ഓർക്കുമ്പോൾ, അത് തുടർന്നുപോകാൻ എനിക്കു സഹായിക്കുവാൻ കഴിയും.[9]

കർത്താവിന്റെ വേലക്കായി നല്കുവാൻ ഏറ്റവും നല്ല വഴി ആത്മാക്കളെ നേടുകയാണ് അതു വഴി എനിക്കു പകരം അവർ കർത്താവിന്റെ വേല ചെയ്യും. ഞാൻ എന്റെ ശേഷിക്കുന്ന വർഷം ഒരാത്മാവിനെയെങ്കിലും ക്രിസ്തുവിലേക്കു നയിക്കുവാൻ കഠിനമായി ശ്രമിക്കും. തന്റെ വചനം അയച്ചിരിക്കുന്നതു വെറുതെ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങി വരികയില്ല എന്നു പറഞ്ഞിരിക്കയാണ് (യെശയ്യാവു 55:11; കെജെവി) ഉപദേശത്തിന്റെ സ്വാഭാവിക ഫലമാണ് സ്നാനം (മത്തായി 28:19; കെജെവി). കൂടാതെ, അവസരത്തിനു വേണ്ടി നോക്കുന്നവർക്കു ദൈവം ‘‘തുറന്ന വാതിലുകൾ’’ നൽകും (1 കൊരിന്ത്യർ 16:9). ഒരു വർഷത്തിൽ ഒരാത്മാവിനെ നേടുവാൻ ഒരാൾ വാസ്തവത്തിൽ ആഗ്രഹിക്കുന്നു എങ്കിൽ, ദൈവം അയാൾക്കു അതിനു അവസരം കൊടുക്കും.

ആത്മാവിനെ - രക്ഷിക്കുന്ന ഈ പ്രവൃത്തിയാണ് ലോകത്തിന്റെ ക്ഷേമത്തിനു ഞാൻ നല്കുന്ന ഏറ്റവും വലിയ സംഭാവന. പലരും തങ്ങളെ ആളുകൾ മറക്കാതിരിക്കേണ്ടതിനു അവസാന കാലത്തു ജ്ഞാപകങ്ങൾ ഉണ്ടാക്കും. രാജാക്കന്മാരുടെ കല്ലറകൾ ആകുന്ന പിരമിഡുകൾ എന്താണ്? ഇന്നു പിരമിഡുകളെ കുറിച്ചു നമുക്കധികം അറിയാം പക്ഷെ രാജാക്കന്മാരെ കുറിച്ചു വളരെ കുറച്ചു മാത്രം. ഭൗമിക ഓർമ്മകൾ അവയുടെ അർത്ഥം നഷ്ടപ്പെടുത്തും. എങ്ങനെയായാലും, നാം ഒരു ആത്മാവിനെ രക്ഷിക്കുന്നതുകൊണ്ട്, നമ്മൾ തുടങ്ങുന്നതു അവസാനിക്കാത്തതും ജീവിക്കുന്നതുമായ ഓർമ്മയാണ്. ആ ആത്മാവിനു മറ്റുള്ളവരെ സ്വാധീനിക്കുവാൻ കഴിയും, അവർക്കു മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുവാനും കഴിയും. അങ്ങനെ വീണ്ടെടുപ്പു ഒരു ചങ്ങല പോലെ നീണ്ടുപോകുന്നു.

എനിക്കു ഒരു വർഷം മാത്രമാണ് ജീവിക്കുവാനുള്ളതെങ്കിൽ, കർത്താവിൻ നിമിത്തം അവരുടെ ഭാവിക്കും - എന്റെ ഭാവിക്കും വേണ്ടതു നല്കും.

## ഞാൻ എന്റെ ആത്മിയ ജീവിതം വളർത്തും

ഒരു വർഷത്തിനുള്ളിൽ, എന്റെ ആത്മാവു, ആത്മാവായ, ദൈവസന്നിധിയിലേക്കു പോകും (യോഹന്നാൻ 4:23). അവന്റെ സന്നിധിയിൽ ആത്മിയതക്കു മാത്രമെ യാഥാർത്ഥ്യമുള്ളൂ. ദൈവത്തെ കണ്ടുമുട്ടുവാനുള്ള തയ്യാറെടുപ്പിൽ, എന്റെ ആത്മിയ ജീവിതം ഞാൻ വളർത്തും.

ആത്മിയ വളർച്ചക്കു അവശേഷിക്കുന്നതു എനിക്കു രണ്ടു വഴികളാണ്. ആദ്യത്തേത് ഏറ്റവും കൂടുതലായി അറിയപ്പെടുന്ന കർത്താവിന്റെ ശരീരമായ, സഭയുമായി ബന്ധപ്പെട്ടതാണ് (എഫെസ്യർ 1:22, 23). എല്ലാ സഭായോഗങ്ങളും മുടക്കാതിരിക്കുവാൻ ഞാൻ

ശ്രമിക്കും, കാരണം ദൈവം എന്നിൽ നിന്നും ആഗ്രഹിക്കുന്നതു അതാണ് (എബ്രായർ 10:25) കൂടാതെ അത്തരം സഭായോഗങ്ങൾ എന്നെ ആത്മീയമായി ബലപ്പെടുത്തും. സഭാ പ്രവൃത്തികളിൽ ഞാൻ സജീവമായി പങ്കെടുക്കും. കഴിഞ്ഞ കാലത്തിൽ എന്റെ കഴിവുകളും താലന്തുകളും വേണ്ട വിധത്തിൽ ഞാൻ ഉപയോഗിച്ചില്ലല്ലൊ എന്നോർത്തു ഞാൻ ദുഃഖിക്കും. ചോദിക്കുവാൻ കാത്തിരിക്കാതെ, ഞാൻ സ്വയമായി എന്നാൽ കഴിയുന്നവിധത്തിൽ സേവനം ചെയ്യും, യേശു എന്നെക്കുറിച്ചു പറയുവാൻ ഞാൻ കാത്തിരിക്കുന്നു, "നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ" (മത്തായി 25:21; കെജെവി).

കൂടാതെ, ഞാൻ എന്റെ പരിശ്രമങ്ങളിൽ കൂടുതൽ സ്ഥിരത പുലർത്തുവാൻ ശ്രമിക്കും. ചിലപ്പോൾ ഞാൻ കർത്തൃസേവയിൽ "ചൂടും" ഇല്ല "തണുപ്പും" ഇല്ലാത്ത അവസ്ഥയിലായിട്ടുണ്ട്. നാം വായിച്ചിട്ടുണ്ട് ആദ്യ ക്രിസ്ത്യാനികൾ "അവർ തുടർച്ചയായി ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പോന്നു" (പ്രവൃത്തികൾ 2:42). "നിങ്ങൾ ഉറപ്പുള്ളവരും, കുലുങ്ങാത്തവരും, നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർഥമല്ല എന്നറിഞ്ഞു കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" എന്നു പൗലൊസ് പറഞ്ഞു (1 കൊരിന്ത്യർ 15:58). തന്റെ അനുയായികളിൽ ശീതോഷ്ണാവസ്ഥ അവൻ ഇഷ്ടപ്പെടുന്നില്ല എന്നു യേശു തന്നെ പറഞ്ഞിരിക്കുന്നു (വെളിപ്പാട് 3:16). എന്റെ അവസാനവർഷം, ഞാൻ എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ "ചൂടാ"യിരിക്കുവാൻ ആഗ്രഹിക്കുന്നു. ആരോ എഴുതിയിട്ടുണ്ട്,

> ജീവിതം ഒന്നേയുള്ളൂ,
> അതു പെട്ടെന്നു കടന്നു പോകും;
> ക്രിസ്തുവിനു വേണ്ടി ചെയ്തതു മാത്രം
> നിലനില്ക്കും.[10]

ആത്മീയത വർദ്ധിപ്പിക്കുവാനുള്ള രണ്ടാമത്തെ വഴി കൂടുതൽ രഹസ്യസ്വഭാവത്തിലുള്ളതാണ്. ഞാൻ എന്റെ ബൈബിൾ നിരന്തരമായി പഠിക്കും. "ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു" അല്ലെങ്കിൽ "സമയം കിട്ടിയില്ല'' എന്നിങ്ങനെ അത് മുടക്കം വരുത്തുന്ന യാതൊരു ഒഴികഴിവുകളും പാടില്ല. ഞാൻ സത്യസന്ധനാണെങ്കിൽ, ദൈവവചനം വായിക്കുന്നതിനേക്കാൾ കൂടുതൽ സമയം ഞാൻ പേപ്പർ വായിക്കുവാനും ടെലിവിഷൻ കാണുവാനും ഉപയോഗിക്കുന്നു എന്നു സമ്മതിക്കണം. ഈ ലോകത്തിൽ ആകർഷിക്കുന്നവ താല്ക്കാലികവും ഇല്ലാതാകുന്നതും ആയതുകൊണ്ട്, കൂടുതൽ കൂടുതൽ ബൈബിളിലേക്കു തിരിയുന്നതു സ്വാഭാവികമാണ്, കാരണം അതു നിത്യമായവയെപറ്റി സംസാരിക്കുന്നു. ഞാൻ എന്റെ പഠനത്തിൽ "ഉത്സാഹം ഉള്ളവനാകും'' അങ്ങനെ ''സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നില്പ്പാൻ ശ്രമിക്കാം'' (2 തിമൊഥെയൊസ് 2:15). വിശ്വാസം

ദൈവവചന കേൾവിയാൽ വരുന്നു എന്നാണ് ബൈബിൾ പറയുന്നത് (റോമർ 10:17). എന്റെ വിശ്വാസം വർദ്ധിക്കുമ്പോൾ എനിക്കു പുതിയ സമാധാനവും ഭദ്രതയും ലഭിക്കും, മുൻപു എന്റെ കാര്യപരിപാടികളിൽ ബൈബിൾ പഠനം ഉൾപ്പെടുത്താതിരുന്നതിനാൽ എനിക്കു ദുഃഖമുണ്ട്.

അവസാനം, ഞാൻ ദൈവത്തെ ഉടനെ കാണുമെന്നതുകൊണ്ടു തുടർച്ചയായി ഞാൻ അവനുമായി ആശയവിനിമയം ചെയ്യും. അതെങ്ങനെ എന്നു പൗലൊസ് പറയുന്നു: "ഇടവിടാതെ പ്രാർത്ഥിപ്പിൻ" (1 തെസ്സലൊനിക്യർ 5:17). എന്റെ കഴിഞ്ഞ കാലത്തിൽ, എനിക്കു ലഭിച്ച അനുഗ്രഹങ്ങൾക്കു ഞാൻ നന്ദി പറയാൻ വിട്ടുപോയിരിക്കാം, തീരുമാനം എടുക്കാൻ വേണ്ട ജ്ഞാനത്തിനു ഞാൻ അപേക്ഷിച്ചിരിക്കയില്ല, പാപക്ഷമാപണവും യാചിച്ചിരിക്കയില്ല. എനിക്കു ചുരുങ്ങിയ സമയം മാത്രം അവശേഷിക്കുന്നതിനാൽ, ഞാൻ അവനോടു സംസാരിച്ചു കൊണ്ട് മണിക്കൂറുകൾ ചെലവഴിക്കും. കഴിഞ്ഞ കാലത്തിൽ, എന്റെ ആത്മിയതയിൽ രണ്ടു - മിനിറ്റായിരുന്നു പ്രാർത്ഥനക്കു നീക്കി വെച്ചിരുന്നത്, എന്നാൽ ഇപ്പോൾ എന്റെ മനസ്സു മുഴുവ നായും എല്ലാ ചിന്തകളും ഉൾപ്പെടുത്തി പ്രാർത്ഥിക്കുവാൻ ഒരു മണിക്കൂറെങ്കിലും വേണം.

അതെ, എനിക്കു ജീവിക്കുവാൻ ഒരു വർഷം മാത്രം ഉള്ളതിനാൽ, എന്റെ ആത്മിയത മുഴുവൻ ഞാൻ വളർത്തി അങ്ങനെ ഒരുക്കപ്പെട്ട സ്ഥാനമായ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു ആവശ്യമായ ഒരുക്കം നടത്താം (യോഹന്നാൻ 14:3).

**ഉപസംഹാരം**

"എനിക്കു ഒരു വർഷം മാത്രം ജീവിക്കുവാൻ ഉള്ളൂവെങ്കിൽ എന്ത്?" എന്ന ചോദ്യം പരിഗണിച്ചപ്പോൾ എടുത്ത തീർപ്പുകൾ അവയാണ്. ഈ ചോദ്യം ശ്രദ്ധയോടെ പരിഗണിച്ചാൽ ഏതൊരാളുടേയും ജീവിതത്തിൽ മാറ്റമുണ്ടാകും.

ഈ ഭൂമിയിലെ ജീവിതം അവസാനം ആണ് *എന്ന് കണക്കാക്കി* വേണം നാം ഓരോ ദിവസവും, ഓരോ ആഴ്ച്ചയും, ഓരോ മാസവും, ഓരോ വർഷവും ജീവിക്കുവാൻ. തന്റെ ജീവിതത്തിൽ ഒരു ദിവസം അവസാനമാണെന്നു ബോധ്യമായാൽ എന്തു ചെയ്യും എന്നു ജോൺ വെസ്‌ലിയോടു ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: "എന്തുകൊണ്ട്, ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നതു പോലെ തന്നെ അത് ചെലവഴിക്കും. എനിക്ക് ഇന്നു വൈകുന്നേരം ഗ്ലൗസെസ്റ്ററിൽ പ്രസംഗിക്കണം വീണ്ടും നാളെ കാലത്തു 5-നു .... പിന്നീട് മാർട്ടിന്റെ വീടു ശരിയാക്കണം, ആ കുടുംബത്തെ ഉപദേശിക്കയും അവർക്കു വേണ്ടി പ്രാർത്ഥിക്കയും, പിന്നെ സാധാരണപോലെ 10 മണിക്ക് തിരിച്ചു എന്റെ മുറിയിൽ മടങ്ങി വരികയും, സ്വർഗ്ഗീയ പിതാവിന്റെ കരങ്ങളിൽ വിശ്രമിക്കയും തേജസ്സിൽ എഴുന്നേല്ക്കുമെന്ന് [പ്രത്യാശിക്കയും] ചെയ്യുന്നു."[11] മറ്റൊരു വാക്കിൽ പറഞ്ഞാൽ, അദ്ദേഹം അവസാനത്തിലും ജീവിക്കുന്നതു മറ്റേതൊരു ദിവസത്തെയും പോലെ ആണെന്നർത്ഥം. നാം എല്ലായ്പ്പോഴും മരിക്കുവാൻ ഒരുങ്ങണം; കാരണം നാം മരിക്കുവാൻ

ഒരുങ്ങിയി ല്ലെങ്കിൽ, ജീവിക്കുവാനും ഒരുങ്ങിയിട്ടില്ല.

*നിങ്ങൾ*ക്കു ഒരു വർഷം മാത്രമെ ജീവിക്കുവാൻ ഉള്ളൂ എങ്കിലോ? നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? നിങ്ങൾ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏറ്റിട്ടുണ്ടോ (പ്രവൃത്തികൾ 2:38)? നിങ്ങൾ ഒരു ക്രിസ്ത്യാനി യാണെങ്കിൽ, വിശ്വസ്തനായിരുന്നിട്ടുണ്ടോ (വെളിപ്പാട് 2:10)? നിങ്ങൾ നിങ്ങൾക്ക് ദൈവത്തെ അനുസരിക്കേണ്ടതു ആവശ്യമെങ്കിൽ, അത് ഇപ്പോൾ തന്നെ ചെയ്യുക!

---

കുറിപ്പുകൾ

[1]ഈ പാഠം നിങ്ങൾ ഉപയോഗിക്കുമ്പോൾ, അപ്പോഴത്തെ വർഷം ഉപയോഗിക്കുക. ഈ പ്രസംഗത്തിന്റെ മുൻപിലത്തെ പാഠം *ഇൻ ദ ഡേ ക്രൈസ്റ്റ് കെയിം (വീണ്ടും) ആന്റ് അദർ സെർമൺസ്* ൽ ഉണ്ടായിട്ടുണ്ട് (ഡള്ളാസ്: ക്രിസ്റ്റ്യൻ പബ്ലിഷിങ്ങ് കമ്പനി., 1965), 198–210. [2]*പുവർ റിച്ചാർഡ്സ് അൽമനാക്ക്* (ജൂൺ 1746), ക്വോട്ടഡ് ഇൻ ജോൺ ബാർട്ട്ലെറ്റ്, *ഫെമിലിയർ ക്വൊട്ടേഷൻസ്*, 16–ാം എഡി., ജെൻ. എഡി. ജസ്റ്റിൻ കപ്ളാൻ (ബോസ്റ്റൺ: ലിറ്റിൽ, ബ്രൗൺ ആന്റ് കമ്പനി., 1992), 310. [3]ദ കെജെവിയിൽ “റിഡീമിങ്ങ് ദ ടൈം” ഉണ്ട്. ഒറിജിനൽ വേദപുസ്തകം ഇങ്ങനെ തർജ്ജിമ ചെയ്യാം “ബൈയിങ്ങ് അപ് ദ ഓപ്പോർ ച്യൂണിറ്റി.” [4]ലേഖകൻ അജ്ഞാതൻ. [5]“പാപം” എന്ന വാക്കിന്റെ അടിസ്ഥാന പരമായ അർത്ഥം “അടയാളം തെറ്റുക” എന്നാണ്. [6]സ്നാനം എന്നത് വെള്ളത്തി ലുള്ള അടക്കമാണ്. [7]നിങ്ങളുടെ പ്രദേശത്ത് നിങ്ങളുടെ കുട്ടികളെ പരിശീലി പ്പിക്കുന്ന അവസരങ്ങളെ കുറിച്ചു പറയുക. ഇതിൽ വേനൽക്കാലത്തു നടത്തുന്ന ബൈബിൾ ക്ലാസുകൾ, പ്രത്യേക പരിശീലന പരിപാടികൾ എന്നിവ ഉൾപ്പെടുത്താം. [8]ഈ അവസരം എല്ലാ സ്ഥലത്തും ലഭ്യമായിരിക്കയില്ല, എന്നാൽ ലഭിക്കുന്ന സ്ഥലങ്ങളിൽ ഞാൻ അതിനു ഊന്നൽ നല്കുവാൻ ആഗ്രഹിക്കുന്നു. [9]ഉദാഹരണമായി, ഒരു വ്യക്തിക്കു വ്യക്തിപരമായ തന്റെ ഇഷ്ടത്തിൽ പ്രാദേശിക സഭ ഉൾപ്പെടുത്താം, ട്രൂത്ത് ഫോർ ടുഡെ വേൾഡ് മിഷൻ സ്കൂൾ, സൽപ്രവൃ ത്തിയിൽ പെടുന്നതാണ്. [10]ലേഖകൻ അജ്ഞാതൻ.

[11]ക്വോട്ടഡ് ഇൻ ആർച്ചി ബാൾഡ് നയിസ്മിത്ത്, *2400 ഔട്ട്ലൈൻസ്, നോട്ട്സ്, ക്വോട്സ് ആന്റ് അനെക് ഡോട്ട്സ് ഫോർ സെർമൺസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1975), 234.

© 2009 Truth for Today